**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . **1173** 05-03-2020 -ൽ മറുപടിക്ക്

## പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സണ്ണി ജോസഫ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി വീട് വെയ്ക്കുവാൻ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള ഭൂമി, വിവിധ പദ്ധതികൾക്ക് നീക്കി വച്ച് നിലവിൽ ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി എന്നിവ കണ്ടെത്തിയിട്ടുണ്ടോ; | എ) | പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിവിധ പദ്ധതികൾക്ക് വേണ്ടി നീക്കിവെച്ച് ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി കണ്ടെത്തിയിട്ടുണ്ട്. |
| ബി) | എങ്കിൽ ഓരോ ജില്ലയിലും ഇപ്രകാരമുള്ള എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയതെന്നും അവിടെ ഭവന നിർമ്മാണ/ ഫ്ലാറ്റ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചോ എന്നും വ്യക്തമാക്കുമോ? | ബി) | പത്തനംതിട്ട ജില്ലയിൽ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 50.69 ആർ സർക്കാർ പുറമ്പോക്ക് ഭൂമി ഏറ്റെടുത്തിട്ടുള്ളതാണ്. ടി ഭൂമിയിൽ 33 വീടുകളുടെ നിർമ്മാണം നടന്നുവരുന്നു.<br>ഇടുക്കി ജില്ലയിൽ 12 ഹെക്ടർ ഭൂമി (29.652 ഏക്കർ) ഭൂമി കണ്ടെത്തിയിട്ടുണ്ട്.<br>ആലപ്പുഴ ജില്ലയിൽ 266.68 ആർ. ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br>എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ ആളുകളെ പുനരധിവസിപ്പിക്കുന്നതിനായി വിലയ്ക്കെടുത്തിരുന്നതിൽ ടി ആവശ്യം കഴിഞ്ഞ ബാക്കിയുള്ള സർവ്വെ 975/2 (എ) നമ്പരിൽപ്പെട്ട 20 സെന്റിൽ വഴി, കിണർ എന്നിവ ഒഴിവാക്കി 3 സെന്റ് വീതമുള്ള 6 പ്ലോട്ടുകളിൽ (ആകെ 18 സെന്റ്) വീട് നിർമ്മിച്ച് താക്കോൽദാനം നടത്തിയിട്ടുള്ളതാണ്. വാരപ്പെട്ടി വില്ലേജിലെ ഒരേക്കർ സർക്കാർ അധീനതയിലുള്ള ഭൂമി പ്രളയാനന്തര പുനർനിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളതും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടില്ലാത്തതുമാണ്. ആലുവ താലൂക്കിൽ 38.82 ഏക്കർ ഭൂമി കണ്ടെത്തിയിരുന്നു. ടി ഭൂമിയിൽ ഭവന/ഫ്ലാറ്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല. പറവൂർ താലൂക്കിൽ പുറമ്പോക്ക് ഭൂമി കണ്ടെത്തി മേൽ ഭൂമിയിൽ 10 പേർക്കായി 3 സെന്റ് വീതം ഭൂമിയിൽ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്.<br>പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ഭവനനിർമ്മാണം നടത്തുന്നതിലേക്കായി തൃശ്ശൂർ ജില്ലയിൽ മുളയം, മേലൂർ വില്ലേജുകളിലായി 0.5224 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയും ആമ്പല്ലൂർ വില്ലേജിൽ 0.1214 ഹെക്ടർ പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയും ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം ദേശമംഗലം വില്ലേജിൽ 0.7683 ഹെക്ടർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.<br>പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ യാക്കര വില്ലേജിൽ 0.8510 ഹെക്ടറും പട്ടാമ്പി താലൂക്കിൽ ചാലിശ്ശേരി വില്ലേജിൽ 0.1112 ഹെക്ടറും ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭവന / ഫ്ലാറ്റ് നിർമ്മാണത്തിന് മുത്തൂറ്റ് ഗ്രൂപ്പിനെ ചുമതല ഏൽപ്പിച്ചിരുന്നുവെങ്കിലും അവർ പിൻമാറിയതിനെ തുടർന്ന് കണ്ടെത്തിയ ഭൂമി ലൈഫ് മിഷനെ ഏൽപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ